(ഡി) ഇല്ലെങ്കിൽ ഉപഭോക്തൃ സൗഹൃദ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-ഡി) തുടർച്ചയായി രണ്ടുതവണ മീറ്റർ റീഡിംഗിന് അപ്രാപ്യമായി വന്നാൽ പിഴയും തുടർന്ന് വൈദ്യുതി വിച്ഛേദിക്കുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് നടപ്പാക്കുന്നത് മരവിപ്പിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി വിതരണം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് എന്ന ചട്ടത്തിന്റെ 111-ാം ചട്ടപ്രകാരം മീറ്റർ തുടർച്ചയായി രണ്ടുതവണ റീഡിംഗിന് അപ്രാപ്യമാക്കിയാൽ പിഴ ചുമത്തുന്നതിനും തുടർന്ന് വൈദ്യുതി വിച്ഛേദിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ചട്ടത്തിന്റെയും 1-7-2015-ൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

ദീർഘകാലം വീട് പൂട്ടി പോകുന്നവർക്ക് അവരുടെ ശരാശരി ഉപഭോഗം കണക്കാക്കി അത്രയും കാലത്തെ മിനിമം തുക അടച്ചാൽ പിഴയിൽ നിന്നൊഴിവാകാൻ സപ്ലൈ കോഡിൽ തന്നെ വ്യവസ്ഥയുണ്ട്. കൂടാതെ ഉപഭോക്താവിന്റെ താല്പര്യപ്രകാരം അവർ നിർദ്ദേശിക്കുന്ന തീയതിയിൽ 50 രൂപ ഫീസ് ഒടുക്കി റീഡിംഗ് എടുക്കാനും വ്യവസ്ഥയുണ്ട്. മീറ്റർ റീഡിംഗ് തീയതി മുൻകൂട്ടി അറിയിക്കുവാൻ കഴിയുമോ എന്നതിന്റെ സാദ്ധ്യതകൾ ബോർഡ് പരിശോധിച്ചുവരുന്നു. മീറ്റർ റീഡിംഗ് നേരിട്ടെടുക്കാതെ സ്മാർട്ട് മീറ്ററിംഗ് സംവിധാനം ഒരുക്കി ഓൺലൈൻ വഴി മീറ്റർ റീഡിംഗും ബില്ലിംഗും നടത്താൻ ആലോചിക്കുന്നുണ്ട്. ഇതുവഴി മീറ്റർ റീഡിംഗ് എടുക്കാൻ കഴിയാത്ത സ്ഥിതിക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയും. ഇതു ഘട്ടംഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇത്തരത്തിൽ വിവിധ ഉപഭോക്തൃ സൗഹൃദ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

വൈദ്യുതി നിരക്ക് വർദ്ധന

66 (433) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2015 നവംബർ 30 വരെ എത്ര പ്രാവശ്യം വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) കെ.എസ്.ഇ.ബി.-യ്ക്ക് കടിശ്ശികയിനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടാനുണ്ട് ; വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കടിശ്ശിക ഇക പിരിച്ചെടുക്കുവാനുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച വിശദമായ വിവരം നൽകുമോ?

ഉത്തരം

(എ) മൂന്നുതവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 1-7-2012 മുതലും, 1-5-2013 മുതലും, 16-8-2014 മുതലുമാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുള്ളത്. കാറ്റഗറി തിരിച്ചുള്ള വൈദ്യുതി താരിഫും, വർദ്ധനവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കെ.എസ്.ഇ.ബി.-യുടെ കടിശ്ശിക വിവരങ്ങൾ ത്രൈമാസ കണക്കായാണ് തയ്യാറാക്കുന്നത്. അതനുസരിച്ച് 30-9-2015-ൽ ആകെ 1961.57 കോടി രൂപയാണ് വൈദ്യുതി ചാർജ്ജിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്. കടിശ്ശികയുടെ വിശദവിവരം താഴെ കൊടുത്തിരിക്കുന്നു:

സ്ഥാപനങ്ങൾ	കടിശ്ശിക ഇക (കോടിയിൽ)
1. സംസ്ഥാന സർക്കാർ	120.86
2. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ	1106.31
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	3.31
4. കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങൾ	0.28
5. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ	48.36
6.അന്തർ സംസ്ഥാനം (ഊർജ്ജം)	5.11
7. സ്വകാര്യ സ്ഥാപനങ്ങൾ	664.69
8. ലൈസൻസികൾ	12.60
9. സ്വയംഭരണ സ്ഥാപനങ്ങൾ	0.05
ആകെ	1961.57

(സി) വാട്ടർ അതോറിറ്റിയാണ് ഏറ്റവും കൂടുതൽ ഇക കടിശ്ശിക വരുത്തിയ ഉപഭോക്താവ്. കടിശ്ശിക ഇക ഈടാക്കുന്നത് സംബന്ധിച്ച് വിവിധ കോടതികളിൽ കേസുകൾ നിലവിലുള്ളതും ലഭിക്കേണ്ട സബ്സിഡി ഇക യഥാസമയം ലഭിക്കാതിരിക്കുന്നതും കടിശ്ശിക പിരിച്ചെടുക്കുന്നതിന് തടസ്സമാകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly